പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 434

10.06.2014 ൽ മറുപടിയ്ക്ക്

# ഭവനശ്രീ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഭവനശ്രീ പദ്ധതി പ്രകാരം ആകെ എത്ര രൂപയാണ് വായ്പയായി അനുവദിച്ചത്; | (എ) ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകൾ ആകെ 13.57 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| (ബി) സബ്സിഡി കഴിച്ച് വായ്പ മുഴുവൻ അടച്ചവർക്ക് പണയാധാരം തിരിച്ച് ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) കുടുംബശ്രീ മുഖേന നടപ്പിലാക്കിയ ഭവനശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ദേശസാൽകൃത ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ ബാധ്യത 2010 വർഷത്തിൽ സർക്കാർ ഏറ്റെടുത്തിരുന്നു. സഹകരണ മേഖലയിൽ നിന്നും വിതരണം ചെയ്ത ഭവനശ്രീ വായ്പകളുടെ ബാധ്യത സർക്കാർ ഏറ്റെടുത്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് 31.05.2014 ലെ സ.ഉ (കൈ) നം. 96/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ്. ഈ ഉത്തരവ് ലഭിക്കുന്നതിന് മുമ്പ് സഹകരണ ബാങ്കുകളിൽ നിന്നും ഭവനശ്രീ വായ്പ എടുത്തവർക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്നും പണയാധാരം തിരികെ ലഭിക്കുന്നില്ലെന്നും പരാതികൾ ലഭിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | ജില്ലാ സഹകരണ ബാങ്കുകൾ സബ്സിഡി തുക സർക്കാരിൽ നിന്നും ലഭ്യമായാൽ മാത്രമേ പണയാധാരം തിരിച്ചു നൽകേണ്ടതുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; | (സി) യും (ഡി) യും | സഹകരണ മേഖലയിൽ നിന്നും വിതരണം ചെയ്ത ഭവനശ്രീ വായ്പകളുടെ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് 31.05.2014 ലെ സ.ഉ (കൈ) നം. 96/2014/തസ്വഭവ നമ്പർ പ്രകാരമാണ്. സഹകരണ ബാങ്കുകൾ വായ്പ നൽകുന്നത് വായ്പക്കാരനും ബാങ്കും തമ്മിലുള്ള വായ്പകരാറിന്റെ അടിസ്ഥാനത്തിലാണ്. സാധാരണയായി വായ്പാ കണക്ക് അവസാനിപ്പിക്കുമ്പോൾ മാത്രമാണ് പണയാധാരം തിരിച്ച് നൽകാനുള്ള വ്യവസ്ഥയുള്ളത്. സഹകരണ മേഖലയിൽ നിന്നും വിതരണം ചെയ്ത ഭവനശ്രീ വായ്പകളുടെ ബാധ്യത സർക്കാർ ഏറ്റെടുത്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് 31.05.2014 തീയതിയിലായതിനാൽ ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജില്ലാ സഹകരണ ബാങ്കുകൾ തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്. |
| (ഡി) | ഭവനശ്രീ വായ്പ എടുത്തവർക്ക് പണയാധാരം തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ